## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2142

18/07/2016 - ൽ മറുപടിയ്ക്ക്

# ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ<br>" മുല്ലക്കര രത്നാകരൻ<br>" മുഹമ്മദ് മുഹസിൻ.പി<br>" ഇ.ടി ടൈസൺ മാസ്റ്റർ | പ്രൊ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ആകെ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) 12358 സ്കൂളുകളിലായി 25,02,140 കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. |
| (ബി) ഈ പദ്ധതിക്കായി ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുക അപര്യാപ്തമാണെന്നുള്ള വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) നിലവിൽ കുട്ടിയൊന്നിന് 5/-രൂപ നിരക്കിൽ നൽകിവരുന്നു. ഈ തുക അപര്യാപ്തമാണെന്നുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 150 ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ കണ്ടിജന്റ് ചാർജ്ജ് കുട്ടിയൊന്നിന് 8/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികളിൽ കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്ക്കൂടി കണ്ടിജന്റ് ചാർജ്ജ് 5/- രൂപയിൽ നിന്നും ഉയർത്തി എല്ലാ കുട്ടികൾക്കും 8/- രൂപ നിരക്കിൽ കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. |

കുട്ടികൾക്ക് ശാരീരിക - മാനസിക വളർച്ചക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷക ഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്ക വിധത്തിൽ പ്രാദേശിക സാഹചര്യവും കൂടി കണക്കിലെടുത്ത് വൈവിധ്യമായ പ്രതിദിന മെനു നിശ്ചയിക്കുവാൻ അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) ഈ പദ്ധതിയ്ക്കായുള്ള നിരീക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

T. Anil Kumar

സെക്ഷൻ ഓഫീസർ